ദേവസ്വം ഭൂമി അന്യാധീനപ്പെടുന്നതായ പരാതി

19 (*229) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേവസ്വം ഭൂമി വ്യാപകമായി അന്യാധീനപ്പെട്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) അന്യാധീനപ്പെട്ട ദേവസ്യം ഭൂമി തിരികെ ലഭിക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കാമോ ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) ഉണ്ട്.

(ബി) അന്യാധീനപ്പെട്ട വസ്തുക്കളുടെ വ്യാപ്തി അളന്നു തിട്ടപ്പെടുത്തി വരുന്നുവെന്ന് ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്. കൂടാതെ, ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ)വകുപ്പിന്റെ കീഴിലുള്ള മലബാറിലെ ക്ഷേത്രങ്ങളുടെ ഏകദേശം 7585.1924 ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടതായി കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) ദേവസ്വം ഭൂമിയിലെ അനധികൃത കയ്യേറ്റം തടയുന്നതിനായി ദേവസ്വം വകുപ്പുമന്ത്രി വിവിധ ദേവസ്വം ബോർഡ് ഭാരവാഹികൾ, ഹിന്ദുമത ധർമ്മ സ്ഥാപന(ഭരണം) വകുപ്പുദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയും അതനുസരിച്ച് ദേവസ്വങ്ങൾ സ്വീകരിച്ച നടപടികളുടെ പുരോഗതി ഇടയ്ക്കിടെ വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരികെ ലഭിക്കുവാൻ നിയമനടപടി സ്വീകരിക്കുവാനും നിലവിലുള്ള ദേവസ്വം ഭൂമി അന്യാധീനപ്പെടാതെ സംരക്ഷിക്കുവാനും കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

നാഷണൽ സേവിംഗ്സ് പദ്ധതിയിലേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നൽകുന്ന ഇൻസെന്റീവ്

20 (*230) ശ്രീ. വി. ബാലറാം :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് എന്തെല്ലാം ഇൻസെന്റീവ് നൽകിവരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly